LIBRARY ARCHIVES Kerala Legislative Assembly

## കോവളത്തെ ഹാൾസെയിൻ കൊട്ടാരം ചരിത്രസ്മാരകമാക്കുന്നതിന് ടൂറിസം വകുപ്പ് സ്വീകരിച്ച നടപടികൾ

15 [3602] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളത്തെ ഹാൾസെയിൻ കൊട്ടാരം ചരിത്രസ്മാരകമാക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊട്ടാരം സ്വകാര്യവ്യക്തികൾ കൈവശപ്പെടുത്തിയതായി അറിഞ്ഞ് കൊട്ടാരം റീജിയന്റ് മഹാറാണി സേതുലക്ഷ്മിഭായിയുടെ അനന്തരാവകാശികൾ സർക്കാരിന് നിവേദനം സമർപ്പിക്കുകയുണ്ടായോ;

(സി) പ്രസ്തുത നിവേദനത്തിലുന്നയിച്ചിരിക്കുന്ന സംഗതികളുടെ വെളിച്ചത്തിൽ സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായോ;

(ഡി) കൊട്ടാരവും സ്ഥലവും ഇപ്പോൾ ആരുടെ സംരക്ഷണത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ഇ) ടൂറിസം വകുപ്പ് കൊട്ടാരത്തെ ചരിത്രസ്മാരകമാക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി—ഇ) ഈ പ്രശ്നവുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ വിവിധ വശങ്ങൾ പരിശോധിക്കാൻ സർക്കാർ ഒരു ഉന്നതതല കമ്മിറ്റിയെ നിയോഗിച്ചിരിക്കയാണ്. അഡീഷണൽ ചീഫ് സെക്രട്ടറി, അഗ്രിക്കൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ, റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി, നിയമ വകുപ്പ് സെക്രട്ടറി, ടൂറിസം സെക്രട്ടറി, തിരുവനന്തപുരം ജില്ലാ കളക്ടർ എന്നിവർ കമ്മിറ്റിയിൽ അംഗങ്ങളാണ്. കമ്മിറ്റിയുടെ റിപ്പോർട്ട് പരിശോധിച്ചശേഷം സർക്കാർ യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ ആര്യമ്പാവിലുള്ള യാത്രിനിവാസ്

16 [3603] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ ആര്യമ്പാവിലുള്ള യാത്രി നിവാസ് ഉദ്ഘാടനം കഴിഞ്ഞുവെങ്കിലും പ്രവർത്തനം ആരംഭിക്കാത്തത് എന്തുകൊണ്ട്;

(ബി) ഈ സ്ഥാപനം ആർക്കെങ്കിലും പാട്ടത്തിന് നൽകുവാൻ ഉദ്ദേശിക്കുന്നുവോ;